LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടവടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 17, തിങ്കൾ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 1986 നവംബർ 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ചോദ്യോത്തരങ്ങൾ.

വിദ്യാഭ്യാസ വകുപ്പിന് പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം

* 365 [392] ശ്രീ. സി. കെ. തങ്കപ്പൻ :
,, ടി. കെ. ആറുമുഖൻ :
,, ജി. വരദൻ :
,, എം. ജിനദേവൻ :

ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിലേക്ക് പ്രത്യേകമായി ഒരു എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കാൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ അത് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. കെ. തങ്കപ്പൻ : ഇങ്ങനെയൊരു എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അഭാവം വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ആകെയുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ആ തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : 1982-ൽ ഇങ്ങനെയൊരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടായിരുന്നു. അതിനുശേഷം 1985-ലാണ് ബിൽഡിംഗ്സ് ആൻഡ് റോഡ്സ് വിഭാഗത്തെ റോഡ്സ് ആൻഡ് ബ്രിഡ്ജസ്, ബിൽഡിംഗ്സ് ആൻഡ് ലോക്കൽ വർക്സ് എന്നീ രണ്ടുവിഭാഗങ്ങളായി പുനഃസംഘടിപ്പിച്ചത്". അങ്ങനെവരുമ്പോൾ എല്ലാ ഡിസ്ട്രിക്ടിലും ബിൽഡിംഗ്സ് വിഭാഗമുള്ളതുകൊണ്ട് അതിന് പ്രത്യേകമായി ഒരു എഞ്ചിനീയറിംഗ് വിഭാഗം വേണ്ടെന്ന് തീരുമാനിക്കുകയാണുണ്ടായത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ മരാമത്തുപണികളൊന്നും നടക്കാതെ സ്തംഭനാവസ്ഥ നിലനിൽക്കുന്നു. അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : ഒന്നും നടക്കുന്നില്ലെന്നു പറയുന്നത് ശരിയല്ല. വർക്കുകളെല്ലാം നടക്കുന്നുണ്ട്. ഫണ്ടിന്റെ അപര്യാപ്തതകൊണ്ടാണ് ഉദ്ദേശിക്കുന്ന എല്ലാ വർക്കുകളും ഏറ്റെടുക്കാൻ കഴിയാതെ വരുന്നത്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ധാരാളം ഗവൺമെന്റ് സ്കൂളുകളിലെ അറ്റകുറ്റപ്പണിയും പുതിയ കെട്ടിടം പണികളും പി. ഡബ്ലിയു. ഡി. ബിൽഡിംഗ്സ് ഡിവിഷനെ മാത്രം ആശ്രയിച്ചാണ് നടക്കുന്നത്. അതുകൊണ്ട് അനുവദിച്ചുകൊടുക്കുന്ന പണംപോലും യഥാസമയം ചെലവഴിക്കാൻ കഴിയാത്തതിനെത്തുടർന്ന് ഈ കെട്ടിടപ്പണികളെല്ലാം നടക്കുന്നില്ലെന്നുള്ളത് പരിഗണിച്ചുകൊണ്ട് ഇത്തരമൊരു നിർദ്ദേശം ഗവൺമെന്റ് വീണ്ടും പുനഃപരിശോധിക്കുമോ ? അതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അനുവദിച്ചിരിക്കുന്ന പണം ലാപ്സാകുമെന്നു പറയുന്നത് ശരിയല്ല. 1982-ൽ ഇങ്ങനെയൊരു നിർദ്ദേശമുണ്ടായിരുന്നു. അതിനുശേഷമാണ് ഗവൺമെന്റ്തലത്തിൽ പൊതുമരാമത്തുവകുപ്പിന്റെ പുനഃസംഘടനയെക്കുറിച്ച് ആലോചിക്കുകയും ബിൽഡിംഗ്സിനും ലോക്കൽ വർക്സിനും മാത്രമായിട്ട് ഓരോ ഡിസ്ട്രിക്ടിലും ഡിവിഷൻസ് ഉണ്ടാക്കുകയും ചെയ്തത്. അപ്പോഴും കുറെക്കൂടി സുഗമമായ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. അതിനുപുറമേ നോർത്തിലും സൗത്തിലും പ്രത്യേകമായൊരു ഡിവിഷൻ ഈ സ്കൂൾ ബിൽഡിംഗ്സിന്റെ കാര്യത്തിൽ ഇപ്പോഴും നിലവിലുണ്ട്. ഈ സാഹചര്യം പരിഗണിക്കുമ്പോൾ ഇനിയൊരു പുതിയ എഞ്ചിനീയറിംഗ് വിഭാഗം വിദ്യാഭ്യാസവകുപ്പിനുവേണ്ടി രൂപീകരിക്കേണ്ട ആവശ്യമില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : കഴിഞ്ഞവർഷം വെള്ളപ്പൊക്കക്കാലത്ത് ഓരോ നിയോജകമണ്ഡലത്തിലും രണ്ട് സ്കൂളുകൾക്കുവീതം ഓരോ ലക്ഷം രൂപ അനുവദിച്ചതുപോലെ ഈ വർഷവും എന്തെങ്കിലും അനുവദിക്കാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ ഇതുപോലെയുള്ള വർക്കുകൾ നടത്താൻവേണ്ടി അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഈ വർഷവും അതുപോലെതന്നെ ഒരു ലക്ഷം രൂപ വീതം അദ്ധ്യാപക രക്ഷാകർതൃസമിതിയെ ഏല്പിച്ച് പൊതുമരാമത്തുവകുപ്പിന്റെ മേൽനോട്ടത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഒരു പരിപാടിയുണ്ട്. അതിനുള്ള ലിസ്റ്റ് തയ്യാറാക്കി വരുകയാണ്.

കേരള വാട്ടർ അതോറിറ്റിയുടെ തടസ്സപ്പെട്ടു കിടക്കുന്ന ജോലികൾ

* 366 [393] ശ്രീ. മണിമംഗലത്തു കുട്ട്യാലി :
,, കെ. കെ. തോമസ് :
,, രാഘവൻ പൊഴക്കടവിൽ :
,, പന്തളം സുധാകരൻ :
,, ബന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള ഏതെങ്കിലും ജോലി തടസ്സപ്പെട്ടു കിടക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ കാരണമെന്താണ് ;

(സി) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ, തടസ്സപ്പെട്ടു കിടക്കുന്ന ജോലികളുടെ പൂർത്തീകരണത്തിനുള്ള നടപടി സ്വീകരിക്കുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) ഈ ആവശ്യത്തിന് വേണ്ടുന്ന മെറ്റീരിയൽസിന്റെ അഭാവവും ധനദൗർലഭ്യവും സ്ഥലം കിട്ടാത്തതുകാരണവുമാണ് ചില പണികൾ തടസ്സപ്പെട്ടുകിടക്കുന്നത്.

(സി) സാമ്പത്തികലഭ്യതയനുസരിച്ച് പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : കോഴിക്കോട് ജില്ലയിൽ തിരുവണ്ണാമൂഴി അണക്കെട്ടിൽനിന്ന് വെള്ളമെടുത്ത് കൊയ്ലാണ്ടി താലൂക്കിലെ 14 വില്ലേജുകളിൽ ശുദ്ധജലം കൊടുക്കാനുള്ള ഒരു പദ്ധതി ഇന്ത്യാഗവൺമെൻറ് അംഗീകരിക്കുകയും അതിനുവേണ്ടി അഞ്ചുകോടി രൂപ അവാർഡ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ പദ്ധതിയിപ്പോൾ തടസ്സപ്പെട്ടുകിടക്കുകയാണ്. ഈ കൊല്ലം എത്രകോടി രൂപ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഇപ്പോൾ എങ്ങനെ നടക്കുന്നുവെന്നുള്ളതിനെപ്പറ്റി വിശദീകരിക്കാമോ ?

ശ്രീ. കെ. എം. മാണി : അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എത്ര കോടി രൂപ നീക്കിവച്ചിരിക്കുന്നുവെന്നുള്ളതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : നിരവധി നിയോജകമണ്ഡലങ്ങളിൽ കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് തുടങ്ങിവച്ചതും ഡ്രോട്ട് സ്കീമെല്ലാം കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly